Reg. No. KL/TV/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Saturday, 1st July 1978 / 10th Ashadha 1900 [No. 439

കേരള നിയമസഭാ സെക്രട്ടറിയേറ്റ്

വിജ്ഞാപനം

നമ്പർ: 5358/എൽ.എ. 4 /1978. തിരുവനന്തപുരം, 1978 ജൂലൈ 1.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം കേരള വനോൽപന്നം (വിൽപന നിജപ്പെടുത്തൽ) ബിൽ, 1978 ഉദ്ദേശ കാരണങ്ങളുടെ വിവരണത്തോടും, ധനകാര്യ മെമ്മോറാണ്ഡത്തോടും ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ഡത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS,
TRIVANDRUM, 1978.

33/2218/MC

അഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 74

കേരള വനോത്പന്നം (വിൽപ്പനവില നിജപ്പെടുത്തൽ) ബിൽ, 1978

ചില പ്രധാനപ്പെട്ട വനോത്പന്നങ്ങളുടെ വിൽപ്പനവില നിജപ്പെടുത്തുന്നതിലേക്കും, അങ്ങനെയുള്ള വനോത്പന്നം അപ്രകാരം നിജപ്പെടുത്തിയ വിലയിലും കുറവായി വിൽക്കുന്നത് നിരോധിക്കുന്നതിലേക്കും അതിന് ആനുഷംഗികമോ സഹായകമോ ആയ സംഗതികൾക്കും വ്യവസ്ഥചെയ്യുന്ന ഒരു ബിൽ.

പീഠിക.—സംസ്ഥാനത്തെ വനസമ്പത്ത് കഴിയുന്നിടത്തോളം പരമാവധി സംരക്ഷിക്കുന്നത് ആവശ്യമായിരിക്കുകയാലും;

സംസ്ഥാനത്തെ വനങ്ങളുടെ ശരിയായ പുനരുദ്ധാരണവും സംരക്ഷണവും, വനോൽപ്പന്നങ്ങൾ ന്യായമായ നിരക്കുകളിൽ വിൽക്കുകയും അതിൽ നിന്ന് കിട്ടുന്നത് അങ്ങനെയുള്ള ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യാത്തപക്ഷം, സാദ്ധ്യമല്ലാതായിരിക്കുകയാലും;

വനത്തിന്റെ നിലനിൽപ്പുതന്നെ അതിന്റെ ശരിയായ പുനരുദ്ധാരണത്തേയും സംരക്ഷണത്തേയും ആശ്രയിച്ചിരിക്കുകയാലും;

വനോൽപ്പന്നങ്ങൾ പ്രത്യേകിച്ച് മുളയും യൂക്കാലിപ്റ്റസ്പോലുള്ള പണിത്തരത്തിനു കൊള്ളാത്ത മരങ്ങളും ഉൾപ്പെടെയുള്ള തടി ന്യായരഹിതമായി കുറഞ്ഞ നിരക്കുകളിൽ വിററുകൊണ്ടിരിക്കുകയാലും;

ചില പ്രധാനപ്പെട്ട വനോൽപ്പന്നങ്ങളുടെ വിൽപ്പന വില നിജപ്പെടുത്തുന്നതിലേക്കും അങ്ങനെയുള്ള ഉൽപ്പന്നങ്ങൾ അപ്രകാരം നിജപ്പെടുത്തിയ വിലയിലും കുറവായി വിൽക്കുന്നത് നിരോധിക്കുന്നതിലേക്കും അതിനു ആനുഷംഗികമോ അഥവാ സഹായകമോ ആയ മററു സംഗതികൾക്കും വ്യവസ്ഥ ചെയ്യുന്നത് വനങ്ങളുടെ പരിരക്ഷയ്ക്ക് ആവശ്യമായിരിക്കുകയാലും;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തൊൻപതാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന്, കേരള വനോൽപ്പന്നം (വിൽപ്പന വില നിജപ്പെടുത്തൽ) ആക്ട്, 1978 എന്ന് പേർ പറയാം.

(2) ഇതിന് കേരളസംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

2/2217/MC

(3) ഇത് ഉടനെ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മററുവിധം ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''കമ്മിററി''ക്ക് 4–ാം വകുപ്പിൻകീഴിൽ സംവിധാനം ചെയ്യപ്പെട്ട വിദഗ്ദ്ധ കമ്മിററി എന്നർത്ഥമാകുന്നു;

(ബി) ''വന''ത്തിന് 1961–ലെ കേരള വനം ആക്ട് (1962-ലെ 4)–ൻെറ അർത്ഥത്തിനകത്തുവരുന്ന ഏതെങ്കിലും റിസർവ് വനം എന്നർത്ഥമാകുന്നതും അതിൽ 1971–ലെ കേരള സ്വകാര്യവനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ആക്ട് (1971–ലെ 26)–ലെ 3–ാം വകുപ്പിൻകീഴിൽ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും വനം ഉൾപ്പെടുന്നതുമാകുന്നു;

(സി) ''വനോൽപ്പന്ന''ത്തിന് മുളയും ഈററയും യൂക്കാലിപ്ററസും വെള്ളപൈനും (വടേറിയ ഇൻഡിക്ക), കൽപൈൻ വർഗ്ഗങ്ങളും (ഡിപ്ററോകാർപ്പസ് സ്പീഷീസ്), പുന്നവർഗ്ഗങ്ങളും (ക്യാലോഫൈലം സ്പീഷീസ്) ചന്ദനവേമ്പും (സെഡ്രലാടൂണ), പാലിയും (പാലയ്ക്കും എലിപ്ററിക്കം) മട്ടിയും (എയ്ലാന്തസ് മലബാറിക്കം), ഇലവും (ബൊംബോകസ് മലബാറിക്കം), കമ്പിളിയും (ഇവോഡിയ റോക്സ്ബർഗ്യാന), വെള്ളകിലും, ഡൈസാക്സൈലം മലബാറിക്കം), കടമ്പും (അഡീനാ കോർഡിഫോളിയാ) എന്നർത്ഥമാകുന്നു.;

(ഡി) ''നിർണ്ണയിക്കപ്പെട്ട''തിന് ഈ ആക്ടിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾവഴി നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) ഏതെങ്കിലും വനോൽപ്പന്നത്തെ പരാമർശിച്ച് ''വിൽപ്പനവില''യ്ക്ക് 3–ാം വകുപ്പിൻകീഴിൽ സർക്കാർ ആ വനോൽപ്പന്നത്തിന് നിജപ്പെടുത്തിയ വില എന്നർത്ഥമാകുന്നു;

(എഫ്) ''സംസ്ഥാന'' ത്തിന് കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(ജി) ഈ ആക്ററിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ളതും എന്നാൽ നിർവചിക്കപ്പെട്ടിട്ടില്ലാത്തതും 1961–ലെ കേരള വനം ആക്ററിൽ 1962–ലെ (4) നിർവ്വചിക്കപ്പെട്ടിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്ററിൽ അവയ്ക്ക് യഥാക്രമം നല്കപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. വനോൽപന്നത്തിൻെറ വിൽപന വില സർക്കാർ വിജ്ഞാപനപ്പെടുത്തണമെന്ന്.—(1) സർക്കാർ, ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു മുമ്പ് ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം വഴി, തുടർന്നുവരുന്ന സാമ്പത്തിക വർഷത്തേക്ക് ഏതൊരു വനോൽപന്നത്തിൻെറയും വിൽപനവില നിജപ്പെടുത്തേണ്ടതാണ്.

(2) (1)–ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ ഈ ആക്ടിൻെറ പ്രാരംഭത്തിനുശേഷം ആകുന്നത്രവേഗം, ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനം വഴി, അങ്ങനെയുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിയിൽ ആരംഭിക്കുന്നതും 1979 മാർച്ച് 31–ാം ദിവസം അവസാനിക്കുന്നതുമായ കാലയളവിലേക്ക് ഏതൊരു വനോൽപന്നത്തിൻെറയും വിൽപനവില നിജപ്പെടുത്തേണ്ടതാണ്.

(3). (1)–ാം ഉപവകുപ്പിന്റെയോ (2)–ാം ഉപവകുപ്പിന്റെയോ കീഴിൽ ഏതെങ്കിലും വനോൽപന്നത്തിന്റെ വിൽപനവില നിജപ്പെടുത്തുന്നതിനു മുൻപ് സർക്കാർ, കമ്മിററിയുമായി ആലോചിക്കുകയും അതിന്റെ ശുപാർശകൾ പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

4. വിദഗ്ദ്ധ കമ്മിററിയുടെ സംവിധാനം.—(1) സർക്കാർ, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം, ആകുന്നത്രവേഗം ഗസററുവിജ്ഞാപനം വഴി, ഓരോ വനോൽപന്നത്തിന്റെയും ഉചിതവും ന്യായവുമായ വിൽപനവില സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന ആവശ്യത്തിലേക്ക്, ഒരു വിദഗ്ദ്ധ കമ്മിററി സംവിധാനം ചെയ്യേണ്ടതാണ്.

(2) കമ്മിററിയിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) വനങ്ങളുടെ ചാർജ് വഹിക്കുന്ന സംസ്ഥാനമന്ത്രി, എക്സ് ഒഫിഷ്യോ, അദ്ദേഹം കമ്മിററിയുടെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) കാർഷികോൽപാദന കമ്മീഷണർ, എക്സ് ഒഫിഷ്യോ;

(സി) ചീഫ് കൺസർവേററർ ഓഫ് ഫോറസ്ററ്സ്, എക്സ് ഒഫിഷ്യോ;

(ഡി) ഗവൺമെൻറ് സെക്രട്ടറി, വ്യവസായ വകുപ്പ്, എക്സ് ഒഫിഷ്യോ;

(ഇ) ഗവൺമെൻറ് സെക്രട്ടറി, ധനകാര്യവകുപ്പ്, എക്സ് ഒഫിഷ്യോ;

(എഫ്) സ്ററാററിസ്ററിക്സ് ഡയറക്ടർ, എക്സ് ഒഫിഷ്യോ;

(ജി) വനോൽപന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങളെ പ്രതിനിധാനം ചെയ്യുന്നതിന് സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന രണ്ടാളുകൾ, അവരിൽ ഒന്ന് സ്വകാര്യമേഖലയിലെ അങ്ങനെയുള്ള വ്യവസായങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരാൾ ആയിരിക്കേണ്ടതാണ്;

(എച്ച്) വനങ്ങളുടെ ചാർജ്ജുള്ള ഗവൺമെൻറ് ജോയിൻറ് സെക്രട്ടറി, എക്സ് ഒഫിഷ്യോ; അദ്ദേഹം കമ്മിററിയുടെ സെക്രട്ടറിയായിരിക്കുന്നതാണ്.

(3) (2)–ാം ഉപവകുപ്പിലെ (ജി) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള അംഗങ്ങൾ രണ്ടു വർഷത്തേക്ക് ഉദ്യോഗം വഹിക്കുന്നതും വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അർഹരായിരിക്കുന്നതുമാണ്.

(4) കമ്മിററി അംഗങ്ങൾക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(5) കമ്മിററി, അതിന്റെ ശുപാർശകൾ നടത്തുമ്പോൾ, മററുള്ളവയുടെ കൂട്ടത്തിൽ താഴെപ്പറയുന്ന കാര്യങ്ങളും പരിഗണിക്കേണ്ടതാണ്, അതായത്:—

(എ) വനോൽപന്നങ്ങളുടെ കമ്പോളവിലയും;

(ബി) വനോൽപന്നങ്ങളുടെ വിൽപനയ്ക്കു ശേഷം പുനരുദ്ധാരണം ആവശ്യമുള്ള സംഗതികളിൽ, വനോൽപന്നങ്ങളുടെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമുള്ള ചെലവും;

(സി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മററു സംഗതികളും.

(6) കമ്മിററി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമം അനുവർത്തിക്കേണ്ടതാണ്.

5. വനോൽപന്നങ്ങൾ വിൽപനവിലയിൽ കുറവായ വിലയ്ക്കു വിൽക്കാൻ പാടില്ലെന്ന്.—(1) 3–ാം വകുപ്പിലെ (2)–ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തീയതിക്കുശേഷം, യാതൊരു വനോൽപ്പന്നവും ആ വനോൽപന്നത്തിന്റെ വിൽപനവിലയിലും കുറവായ ഒരു വിലയ്ക്ക് സർക്കാരോ ഏതെങ്കിലും വന ഉദ്യോഗസ്ഥനോ വിൽക്കാൻ പാടുള്ളതല്ല.

(2) (1)–ാം ഉപവകുപ്പിനു വിരുദ്ധമായ ഏതെങ്കിലും വനോൽപന്നത്തിന്റെ വിൽപന നിഷ്ഫലവും അസാധുവും ആകുന്നതും ഒരു നിയമക്കോടതിയിൽ നടപ്പാക്കാൻ പാടില്ലാത്തതും ആകുന്നു.

(3) (1)–ാം ഉപവകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, ലിഖിതമായി റിക്കാർഡു ചെയ്യേണ്ട കാരണങ്ങൾകൊണ്ട് ഏതെങ്കിലും വനോൽപന്നത്തിന്റെ പരസ്യലേലം വഴിയുള്ള വിൽപനയ്ക്ക് നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള ലേലത്തിൽ ലഭിച്ച വില, വിൽപനവിലയിൽ കുറഞ്ഞതാണെന്ന കാരണത്താൽ മാത്രം അങ്ങനെയുള്ള വിൽപന നിഷ്ഫലവും അസാധുവുമാണെന്ന് കരുതപ്പെടാൻ പാടില്ലാത്തതുമാകുന്നു.

(4) (3)–ാം ഉപവകുപ്പിൻകീഴിലുള്ള പരസ്യലേലം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ആളുകളും അങ്ങനെയുള്ള രീതിയിലും നടത്തേണ്ടതാണ്.

6. ഒഴിവാക്കൽ.—സർക്കാരിന്, പൊതുതാൽപര്യാർത്ഥം, ഗസററുവിജ്ഞാപനം വഴി,—

(എ) കേന്ദ്ര സർക്കാരിന്റെയോ, കേരള സർക്കാരിന്റെയോ ഉടമയിലുള്ള ഏതെങ്കിലും കമ്പനിക്കോ;

(ബി) വിട്ടാവശ്യത്തിനോ അഥവാ 1969–ലെ കേരള സഹകരണസംഘം ആക്ററ് (1969–ലെ 21)-ൻ കീഴിൽ രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സഹകരണ സംഘത്തിനോ അഥവാ സംഘം രജിസ്ട്രേഷൻ ആക്ററ്, 1860 (1860–ലെ 21–ാം കേന്ദ്ര ആക്ററ്)—ൻകീഴിലോ, 1955–ലെ തിരുവിതാംകൂർ–കൊച്ചി സാഹിത്യപരവും ശാസ്ത്രപരവും ധർമ്മപരവും സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററ്, (1955–ലെ 12)–ൻ കീഴിലോ, രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സംഘത്തിനോ അഞ്ചു ടണ്ണിൽ കവിയാതെയോ;

ഉള്ള വനോൽപന്നത്തിന്റെ വിൽപനയെ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, 5–ാം വകുപ്പിലെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

7. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസററു വിജ്ഞാപനം വഴി, ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടു വരുന്ന ആവശ്യത്തിലേക്ക്, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന കാര്യങ്ങളിൽ എല്ലാത്തിനുമോ അഥവാ ഏതെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) നിർണ്ണയിക്കപ്പെടേണ്ടതിന് ഈ ആക്ററുവഴി പ്രകടമായി ആവശ്യപ്പെടുന്നതോ അനുവദിക്കുന്നതോ ആയ എല്ലാ കാര്യങ്ങളും;

(ബി) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മററേതെങ്കിലും കാര്യം.

(3) ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയ ശേഷം ആകുന്നത്രവേഗം നിയമസഭയുടെ മുൻപാകെ, അതു സമ്മേളിച്ചിരിക്കുമ്പോൾ, ഒരു സമ്മേളനത്തിലോ അഥവാ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ അടങ്ങിയിരിക്കാവുന്ന ആകെ പതിന്നാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അത് അപ്രകാരം വച്ച സമ്മേളനമോ അഥവാ ഉടൻ തുടർന്നുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ, ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നെങ്കിൽ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതാണ്; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ അഥവാ പ്രാബല്യമില്ലാതാക്കലോ ആ ചട്ടത്തിൻ കീഴിൽ മുൻപു ചെയ്ത ഏതിന്റെ എങ്കിലും സാധുതയ്ക്ക് ഭംഗമാകാത്തവിധമായിരിക്കേണ്ടതാണ്.

ഉദ്ദേശ കാരണങ്ങളുടെ വിവരണം

വനോൽപ്പന്നങ്ങളുടെ വിൽപ്പനവില നിജപ്പെടുത്തുന്നതിന് യാതൊരു ചട്ടമോ നടപടിക്രമമോ ഇപ്പോഴില്ല. ഓരോ വർഷവും ചില പ്രധാനപ്പെട്ട വനോൽപ്പന്നം ന്യായമായ നിരക്കുകളിൽ വിൽക്കുന്നതിലേക്ക് അവയുടെ വിൽപ്പന വില സർക്കാർ നിജപ്പെടുത്തുകയും അതിൽനിന്ന് കിട്ടുന്നത് സംസ്ഥാനത്തിലുള്ള വനങ്ങളുടെ ശരിയായ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുംവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് കരുതുന്നു.

2. ഈ ബിൽ മേൽപ്പറഞ്ഞ ഉദ്ദേശം സാധിക്കുന്നതിന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ മെമ്മോറാണ്ടം

ബില്ല് പാസ്സാക്കുകയും പ്രവർത്തനത്തിൽ കൊണ്ടുവരുകയും ചെയ്താൽ ഓരോ വനോൽപ്പന്നത്തിന്റെയും ന്യായ യുക്തവും നീതിപൂർവ്വവുമായ വിൽപ്പനവില സർക്കാരിലേക്ക് ശുപാർശചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ബില്ലിലെ 4-ാം ഖണ്ഡത്തിൻകീഴിൽ സംവിധാനം ചെയ്യപ്പെടേണ്ട വിദഗ്ദ്ധ കമ്മിററിയിലെ അംഗങ്ങൾക്കുള്ള യാത്രപ്പടിയും ക്ഷാമബത്തയും സംബന്ധിച്ച്, സംസ്ഥാന സഞ്ചിത നിധിയിൽനിന്നും കൂടുതൽ ചെലവുണ്ടാകുന്നതാണ്. ഈ കണക്കിൽ നേരിട്ടേണ്ടിവരുന്ന ചെലവ് ഇപ്പോൾ കൃത്യമായി തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല.

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച

മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനത്തിനു മുൻപ് തുടർന്നുവരുന്ന സാമ്പത്തിക വർഷത്തേക്ക് ഗസററു വിജ്ഞാപനംവഴി, ഏതൊരു വനോൽപ്പന്നത്തിന്റെയും വിൽപ്പനവില നിജപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡം, ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം ആകുന്നത്രവേഗം ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന വിജ്ഞാപനംവഴി, അങ്ങനെയുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയിൽ ആരംഭിച്ച് 1979 മാർച്ച് 31-ാം ദിവസം അവസാനിക്കുന്ന കാലത്തേക്ക് ഏതൊരു വനോൽപ്പന്നത്തിന്റെയും വിൽപ്പനവില നിജപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. 4-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡം, ഗസററിൽ വിജ്ഞാപനം വഴി ഓരോ വനോൽപ്പന്നത്തിനും ന്യായയുക്തവും നീതിപൂർവ്വകവുമായ വിൽപ്പനവില സർക്കാരിലേക്ക് ശുപാർശചെയ്യേണ്ട ആവശ്യത്തിനായി ഒരു വിദഗ്ദ്ധകമ്മിററി സംവിധാനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം കമ്മിററി അംഗങ്ങൾക്ക് അവകാശപ്പെട്ട ബത്തകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. 4-ാം ഖണ്ഡത്തിലെ (5)-ാം ഉപഖണ്ഡം, പ്രസ്തുത ഉപഖണ്ഡത്തിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾക്കുപുറമേ, കമ്മിററി അതിന്റെ ശുപാർശകൾ സർക്കാരിലേക്കു നടത്തുമ്പോൾ പരിഗണിക്കേണ്ട കാര്യങ്ങൾ നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. 4-ാം ഖണ്ഡത്തിലെ (6)-ാം ഉപഖണ്ഡം കമ്മിററി അനുവർത്തിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 5-ാം ഖണ്ഡത്തിലെ (3)-ാം ഉപഖണ്ഡം, ലിഖിതമായി റിക്കാർഡുചെയ്യേണ്ട കാരണങ്ങളാൽ ഏതെങ്കിലും വനോൽപ്പന്നത്തെ പരസ്യലേലത്തിൽ വിൽക്കുന്നതിന് നിർദ്ദേശിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം പരസ്യലേലം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ആളുകളും അങ്ങനെയുള്ള രീതിയിലും നടത്തേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 6-ാം ഖണ്ഡം പൊതുതാൽപ്പര്യാർത്ഥം ഗസററു വിജ്ഞാപനംവഴി,

(എ) കേന്ദ്ര സർക്കാരിന്റെയോ കേരള സർക്കാരിന്റെയോ ഉടമയിലുള്ള ഏതെങ്കിലും കമ്പനിക്കോ, അഥവാ

(ബി) വീട്ടാവശ്യത്തിനോ അഥവാ 1969-ലെ കേരള സഹകരണസംഘം ആക്ററി (1969-ലെ 21)-ൻ കീഴിൽ രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സഹകരണസംഘത്തിനോ അഥവാ സംഘം രജിസ്ട്രേഷൻ ആക്ററ്, 1860 (1860-ലെ 21-ാം കേന്ദ്ര ആക്ററ്)-ൻ കീഴിലോ, 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ

പരവും, ശാസ്ത്രപരവും ധർമ്മപരവും സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററി, (1955–ലെ 12)–ൻ കീഴിലോ, രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്ത തായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും സംഘത്തിനോ അഞ്ചു ടണ്ണിൽ കവിയാതെയോ,

ഉള്ള വനോൽപ്പന്നത്തിന്റെ വിൽപ്പനയെ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാ വുന്ന പ്രകാരമുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, 5–ാം വകുപ്പിലെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കുന്നതിന് സർക്കാരിനെ അധികാര പ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിന്റെ 7–ാം ഖണ്ഡം ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കു ന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിനു അധികാരം നൽകാൻ ഉദ്ദേശി ക്കുന്നു.

6. ഏതു കാര്യങ്ങൾ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവി ക്കുകയോ ചട്ടങ്ങൾ ഉണ്ടാക്കുകയോ ചെയ്യാവുന്നത് അവ ഭരണപരമോ നടപടി ക്രമം സംബന്ധിച്ചവയോ ആകുന്നു. മാത്രമല്ല ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. അങ്ങനെ ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണാധികാരം സാധാരണസ്വഭാവത്തിലുള്ളതാകുന്നു.

കാന്തലോട്ടു കുഞ്ഞമ്പു.

© Government of Kerala
1978

Reg. No. KL/TV/12

KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII | Trivandrum, Saturday, 1st July 1978 / 10th Ashadha 1900 | [No. 440

GOVERNMENT OF KERALA

Local Administration & Social Welfare (D) Department

NOTIFICATIONS

G. O. MS. 170/78/LA & SWD. *Dated, Trivandrum, 1st July 1978.*

I

S. R. O. No. 656/78.—Whereas the Government of Kerala have in Notification No. 44499/D1/77/LA & SWD dated the 11th January. 1978 published in the Kerala Gazette Extraordinary No. 23 dated the 12th January 1978 declared their intention to constitute the Shoranur Panchayat area into a Municipality;

And whereas notice has been given as required by the proviso to sub-section (1) of section 3 of the Kerala Panchayats Act, 1960 (32 of 1960) to the Shoranur Panchayat to show cause against the said proposal.

And whereas, the suggestions of the said Panchayat have been considered by the Government.

Now, therefore, in exercise of the powers conferred by clause (d) of sub-section (1) of section 3 of the Kerala Panchayats Act 1960 (32 of 1960) the Government of Kerala hereby cancel the declaration of the Shoranur Panchayat area made in Notification No. G. O. MS. 196/61/DD dated the 28th December 1961 with effect from the 15th July 1978.

33/2226/MC.

II

S. R. O. No. 657/78.—Whereas the Government of Kerala in Notification No. 44499/D1/77/LA & SWD dated the 11th January, 1978 published in the Kerala Gazette Extraordinary No. 23 dated the 12th January 1978 have declared under clause (a) of sub-section (1) of section 4 of the Kerala Municipalities Act, 1960 (14 of 1961) their intention to constitute the area within the Shoranur Panchayat as a Municipality.

And whereas, a period of two months from the date of publication of the said notification has expired and the objections and suggestions received have been considered by the Government.

Now, therefore, in exercise of the powers conferred by sub-section (3) of section 4 of the Kerala Municipalities Act, 1960 (14 of 1961) the Government of Kerala hereby declare the area within the Shoranur Panchayat as a Municipality with effect from the 15th July 1978.

By order of the Governor,

N. GOPALAKRISHNA PILLAI,
Special Secretary.

Explanatory Note

(This does not form part of the notifications, but is intended to indicate their general purport).

Representations have been received by Government, requesting to constitute the area within the Shoranur Panchayat area into a Municipality. The Government have decided to constitute the area within the Shoranur Panchayat area into a Municipality with effect from the 15th July 1978.

The notifications are intended to achieve the above object.

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS, TRIVANDRUM. 1978.